LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയുടെ നേമം സോണലിന്റെ പരിധിയിൽ വരുന്ന കിള്ളിപ്പാലം മുതൽ ഐരാണിമുട്ടം വരെയുള്ള കിള്ളിയാറിന്റെ കിഴക്കുഭാഗത്ത് അനധികൃത കയ്യേറ്റവും നിർമ്മാണവും കണ്ടെത്തിയതിനെ തുടർന്ന് തഹസീൽദാർ, താലൂക്ക് സർവ്വേയർ, നഗരസഭാ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം നഗരസഭാ മേയർ വിളിച്ചുചേർക്കുകയും സംയുക്ത പരിശോധനയിലൂടെ കയ്യേറ്റങ്ങൾ കണ്ടെത്തി അതിർത്തി ഡിമാർക്ക് (demark)ചെയ്ത് സ്കെച്ച് തയ്യാറാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 257 അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. പ്രസ്തുത ഭാഗത്ത് കടകളിലും വർക്ക്ഷോപ്പുകളിലും ഗോഡൗണുകളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ 1994-ലെ കെ.എം.ആക്ട് സെക്ഷൻ 340 പ്രകാരം നോട്ടീസ് നൽകി പിഴ ചുമത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി പുരയിടമുള്ളവർ അവരുടെ പുരയിടത്തിൽത്തന്നെ മാലിന്യങ്ങൾ സ്വന്തമായി സംസ്കരിക്കുകയും, മറ്റുള്ളവർ കുടുംബശ്രീ ക്ലീൻവെൽ യൂണിറ്റുകൾക്ക് മാലിന്യം തരംതിരിച്ച് നേരിട്ടു കൈമാറുകയും, ആയത് കുടുംബശ്രീ ക്ലീൻവെൽ യൂണിറ്റ് മുഖാന്തരം നഗരസഭാ വാഹനത്തിൽ ഏൽപ്പിച്ച് മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നു.

(ഡി) കെ. എം. ആക്ട് 1994-ലെ സെക്ഷൻ 406 പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

165 (457) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. ജയരാജൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) തൊഴിലുറപ്പു പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത സംബന്ധിച്ച് പദ്ധതിയുടെ കേന്ദ്ര വെബ്സൈറ്റിൽ കേരളത്തിന്റെ നേട്ടങ്ങൾ വ്യക്തമാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പദ്ധതിക്കായി ഈ വർഷത്തേക്ക് എത്ര കോടിരൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ഡി) ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(ഇ) പദ്ധതിക്കുള്ള രണ്ടാം ഗഡു കേരളത്തിന് അനുവദിക്കാത്തതുമൂലം പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ;

(എഫ്) രണ്ടാം ഗഡു അടിയന്തിരമായി അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ജി) തൊഴിലുറപ്പ് പദ്ധതിപ്രകാരം പണിയെടുക്കുന്നവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) 1. ഗ്രാമപഞ്ചായത്തുകൾ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി ചെറുകിട-നാമമാത്ര കർഷകരുടെ സ്വകാര്യ ഭൂമിയിലും പ്രവൃത്തികൾ ഏറ്റെടുക്കുവാൻ നടപടിയെടുത്തിട്ടുണ്ട്.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി പ്രത്യേകം ഡേറ്റയും ഷെഡ്യൂൾ ഓഫ് റേറ്റും തയ്യാറാക്കുന്നതിന് വേണ്ടി വർക്ക്-ടൈം-മോഷൻ സ്റ്റഡി 4 ജില്ലകളിൽ പൂർത്തീകരിച്ചു.

3. മറ്റു വകുപ്പുകളുമായി ചേർന്ന് സംയോജന പദ്ധതികൾ ഏറ്റെടുത്തു വരുന്നു.

4. സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുവാൻ ഊന്നൽ നൽകി വലിയ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

5. പ്രകൃതി വിഭവ സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

6. 50 ദിവസത്തിലധികം പദ്ധതിയിൽ പണിയെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷയും കിലോയ്ക്ക് 2 രൂപ നിരക്കിൽ അരിയും നൽകുന്നു.

7. പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുകയും എഞ്ചിനീയർമാർക്ക് ഇതിൽ പരിശീലനം നൽകുകയും ചെയ്തു.

8. തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രീകരിച്ചുകൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതികൾ തയ്യാറാക്കാൻ വേണ്ട പരിശീലനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പദ്ധതി പുരോഗതിയാണ് പൊതുവിൽ വെബ്സൈറ്റിൽ കൊടുക്കുന്നത്. ഒരു സംസ്ഥാനത്തിന്റെ നേട്ടങ്ങൾ പ്രത്യേകമായി വ്യക്തമാക്കാറില്ല.

(സി) 2010-11 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര സർക്കാർ 2010 ഡിസംബർ 15 വരെ 373.79 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) 2010 ഡിസംബർ 21 വരെ 362.79 കോടി രൂപ ചെലവഴിച്ചു.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പത്തനംതിട്ട ഒഴിച്ചുള്ള ജില്ലകൾ ഇതിനോടകം ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) 2009-10 വർഷത്തിൽ 50 ദിവസത്തിലധികം പദ്ധതിയിൽ പണിയെടുത്തിട്ടുള്ള കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേക ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയും കിലോയ്ക്ക് 2 രൂപാ നിരക്കിൽ അരിയും നൽകുന്നുണ്ട്.

കൽപ്പറ്റ നഗരസഭാ കുടിവെള്ള പദ്ധതി

168(458) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കല്പറ്റ നഗരസഭാ കുടിവെള്ള പദ്ധതിക്ക് എന്നാണ് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചത്;

(ബി) പദ്ധതിക്കായി ലഭിച്ച കേന്ദ്ര സഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പദ്ധതിക്കായി നഗരസഭയുടെ ഭാഗത്തുനിന്നും ചെയ്തുതീർക്കേണ്ട പ്രവൃത്തികൾ പൂർത്തിയാക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ) കല്പറ്റ നഗരസഭാ കുടിവെള്ള പദ്ധതിക്ക് 17-2-2009-ൽ കേന്ദ്രാനുമതി ലഭിച്ചു.

(ബി) പദ്ധതി അടങ്കൽ 3217 ലക്ഷം രൂപ കേന്ദ്ര വിഹിതം 2573.60 ലക്ഷം തുകയിൽ ലഭ്യമായത് 4,96,04,956 രൂപയാണ്.

(സി) പദ്ധതിക്കാവശ്യമായ സ്ഥലത്തിൽ 0.995 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് കൈമാറി ഇനിയും കാരാപുഴ ഭാഗത്ത് 1 ഏക്കർ സ്ഥലവും നഗരസഭാ പരിധിയിൽ 20 സെന്റ് സ്ഥലവും ലഭ്യമാക്കാനുണ്ട്.

വയനാട് ജില്ലയിൽ കുടുംബശ്രീ പ്രവർത്തനം

169(459) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതി പ്രകാരം 2010-11 ഉൾപ്പെടെയുള്ള കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്കതല വിശദാംശം ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച കുടുംബശ്രീ യൂണിറ്റുകളുടെ താലൂക്കതല വിശദാംശം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ വയനാട് ജില്ലയിൽ പുതിയതായി ആരംഭിച്ച കുടുംബശ്രീ സംരംഭങ്ങളിലൂടെ ലഭ്യമായ തൊഴിൽ ദിനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly